കൂത്തുപറമ്പിലെ കോളനികൾ വൈദ്യുതീകരിക്കാൻ നടപടി

55 [5431] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പെരുവ, മണ്ഡപം, അത്തിക്കാവ്, മാവോല, വയക്കര, പുരളിമല എന്നീ കോളനികളുടെ വൈദ്യുതീകരണത്തിന്റെ നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തിക്ക് വകുപ്പ് അനുവദിച്ച തുക കുറവാണെന്ന് ഇലക്ട്രിസിറ്റി ബോർഡ് അറിയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) മാവോല, പെരുവ കോളനികളുടെ വൈദ്യുതീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പുരളിമല, അത്തിക്കാവ്, മണ്ഡപം എന്നീ കോളനികളിലെ വൈദ്യുതീകരണ പ്രവൃത്തികൾ ഒ.വൈ.ഇ.സി. പദ്ധതിയിൽ പെടുത്തേണ്ടിവന്നതിനാൽ നേരത്തെ അംഗീകരിച്ച എസ്റ്റിമേറ്റിനേക്കാൾ ഉയർന്ന തുകയ്ക്കുള്ള എസ്റ്റിമേറ്റുകൾ അംഗീകരിച്ച് അധിക മുള്ള തുക അനുവദിച്ചാൽ മാത്രമേ പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് വൈദ്യുതി ബോർഡ് അറിയിച്ചിട്ടുണ്ട്. റൂട്ട് മാറ്റം ആവശ്യമായി വന്നതിനാൽ വയക്കര കോളനിയുടെ കാര്യത്തിലും പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിവന്നിട്ടുണ്ടെന്ന് വൈദ്യുതി ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) അറിയിച്ചിട്ടുണ്ട്. പെരുവ, മണ്ഡപം, അത്തിക്കാവ്, മാവോല, വയക്കര, പുരളിമല കോളനികളുടെ വൈദ്യുതീകരണത്തിന് നേരത്തെ അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള 59,17,746 രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് വൈദ്യുതി ബോർഡിന് കൈമാറിയിട്ടുണ്ട്.

(സി) പുതുക്കിയ എസ്റ്റിമേറ്റുകളുടെ കാര്യത്തിൽ അധിക ഫണ്ട് വൈദ്യുതി വകുപ്പിന് നൽകുന്നതിനായി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വൈദ്യുതി ലൈനിന്റെ റൂട്ട് മാറ്റത്തിന്റെ സാംഗത്യം ഉറപ്പു വരുത്താൻ മാലൂർ, കോളയാടി ഗ്രാമപഞ്ചായത്തുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പിന്നോക്ക സമുദായക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം

56 [5432] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എന്തെല്ലാം സഹായങ്ങളാണ് അനുവദിക്കുന്നത് എന്നറിയിക്കാമോ;

(ബി) 2001-02, 2002-03 വർഷങ്ങളിലായി എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; ഈ ഇനത്തിൽ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇതേവരെ ലഭിച്ച എത്ര അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാനുണ്ട് എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly